പത്രക്കുറിപ്പ്

# യുവാവിനെ വെട്ടിക്കൊലപ്പെടുത്താൻ ശ്രമിച്ച പ്രതി പിടിയിൽ

# കോവിഡ് സുരക്ഷാ പരിശോധന ശക്തമാക്കി

## വിലക്ക് ലംഘനം: 397 പേർക്കെതിരെ നിയമനടപടി 1,22,000/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം:- ചാക്കയിൽ യുവാവിനെ വെട്ടിക്കൊലപ്പെടുത്താൻ ശ്രമിച്ച കേസിലെ പ്രതിയെ പോലീസ് പിടികൂടിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായി ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. വഞ്ചിയൂർ വാർഡിൽ മിത്രാനികേതൻ ആശ്രുപത്രിയ്ക്ക് സമീപം വയൽനികത്തിയ പുരയിടത്തിൽ കുഞ്ഞുമോൻ എന്ന് വിളിക്കുന്ന പ്രവീൺകുമാർ (34)-നെയാണ് വഞ്ചിയൂർ പോലീസ് അറസ്റ്റ് ചെയ്തത്.



വഞ്ചിയൂർ പോലീസ് അറസ്റ്റ് ചെയ്ത പ്രവീൺ കുമാർ (34)

കഴിഞ്ഞ 4-ആം തീയതിയാണ് സംഭവം നടന്നത്. രാത്രി 9-മണിയോടെ ചാക്ക താഴശ്ശേരി ലെയിനിൽ ബിജുകുമാറിനെ പ്രതി വെട്ടുകത്തി കൊണ്ട് തലയിലും കൈയ്യിലും വെട്ടി മാരകമായി

പരിക്കേൽപ്പിക്കുകയായിരുന്നു. ബിജുകുമാറിന്റെ സുഹൃത്തിന്റെ വീട്ടിൽ പുറത്ത് നിന്നുള്ളവർ വന്നിരുന്ന് മദ്യപിക്കുന്നത് ചോദ്യം ചെയ്തതിലുള്ള വിരോധമാണ് ആക്രമണത്തിന് കാരണം. സംഭവത്തിന് ശേഷം ഒളിവിൽ പോയ പ്രതിയെ വഞ്ചിയൂർ എസ്.എച്ച്.ഒ രഗീഷ്കുമാർ, എസ്.ഐ-മാരായ പ്രജീഷ്കുമാർ, മനോജ്, അനിൽകുമാർ, സി.പി.ഒ-മാരായ ജിജേഷ്, ശിവപ്രസാദ് എന്നിവരടങ്ങിയ പോലീസ് സംഘമാണ് അറസ്റ്റ് ചെയ്തത്. ഇയാൾക്കെതിരെ പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഢിപ്പിച്ച കേസ് ഉൾപ്പെടെ നിരവധി ക്രിമിനൽ കേസുകൾ നിലവിലുണ്ട്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

## കോവിഡ് സുരക്ഷാപരിശോധന ശക്തമാക്കി

## വിലക്ക് ലംഘനം: 397 പേർക്കെതിരെ നിയമനടപടി

## 1,22,000/- രൂപ പിഴ ഈടാക്കി.

തിരുവനന്തപുരം :- ഒരിടവേളക്കുശേഷം ജില്ലയിൽ കോവിഡ് കേസുകൾ ഗണ്യമായി വർദ്ധിച്ചിട്ടുള്ളതിനാൽ പൊതുജനങ്ങൾ കോവിഡ് മാനദണ്ഡങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനായി തിരുവനന്തപുരം സിറ്റിയിൽ പോലീസ് പരിശോധന കർശനമാക്കിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. ഷോപ്പിംഗ് മാളുകൾ, തിയേറ്ററുകൾ, മറ്റു വ്യാപാരസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പൊതുജനങ്ങൾ സാമൂഹിക അകലം പാലിക്കുന്നുണ്ടോയെന്നും മാസ്ക് ധരിക്കുന്നുണ്ടോയെന്നും ഉത്തരവാദിത്തപ്പെട്ടവർ ഉറപ്പാക്കേണ്ടതാണ്. ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, എന്നിവിടങ്ങളിൽ കോവിഡ് മാനദണ്ഡങ്ങൾ കർശനമായി

പാലിക്കേണ്ടതും ഭക്ഷണം പാകം ചെയ്യുന്നവർ, വിതരണം ചെയ്യുന്നവർ, തുടങ്ങിയവർ തുടർച്ചയായ കോവിഡ് പരിശോധനക്കു വിധേയമാകേണ്ടതുമാണ്. കോവിഡ് മാനദണ്ഡങ്ങൾ ലംഘിക്കുന്നവരുടെ പേരിൽ കേരളാ പകർച്ച വ്യാധി നിയമം 2020 (Kerala Epidemic Disease Ordinance 2020) അനുശാസിച്ചിട്ടുള്ള വിധം ചുവടെപ്പറയും പ്രകാരമുള്ള പിഴകൾ/നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

| കുറ്റം | പിഴ (രൂപയിൽ ) |
|---|---|
| മാസ്ക് ധരിക്കാത്തതിന് | 500 |
| പൊതുസ്ഥലങ്ങളിൽ സാമൂഹിക അകലം പാലിക്കാത്തതിന് | 500 |
| വ്യാപാരസ്ഥാപനങ്ങളിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിക്കാത്തതിന് | 3000 |
| ഫുട്പാത്തുകളിലും, പൊതു സ്ഥലങ്ങളിലും തുപ്പിയാൽ | 500 |
| ക്വാറന്റീൻ ലംഘനം | 2000 |

കഴിഞ്ഞ രണ്ട് ദിവസങ്ങളിലായി പോലീസ് നടത്തിയ പരിശോധനയിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിക്കാതെ വിലക്കുലംഘനം നടത്തിയ 397 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 145 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 244 പേരിൽ നിന്നും 1,22,000/- രൂപ പിഴ ഈടാക്കി. കൂടാതെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തിയ 2

വാഹനങ്ങൾക്കെതിരെയും കോവിഡ് മാനദണ്ഡങ്ങൾ പാലിക്കാത്ത 3 കടകൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു.

വരുംദിവസങ്ങളിലും പോലീസ് പരിശോധന ശക്തമായി തുടരുമെന്നും വിലക്കുലംഘനങ്ങൾ നടത്തുന്നവർക്കെതിരെ കർശന നിയമനടപടി സ്വീകരിക്കുമെന്നും സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.

തിരുവനന്തപുരം സിറ്റി

09-04-2021

**ഐ ജി പി & കമ്മീഷണർക്ക് വേണ്ടി**

**പബ്ലിക് റിലേഷൻസ് ഓഫീസർ**

**തിരുവനന്തപുരം സിറ്റി**